LIBRARY ARCHIVES Kerala Legislative Assembly

വിദഗ്ദ്ധ ഡോക്ടർമാരുടെ അവധി റദ്ദ് ചെയ്യാൻ നടപടി

53 [5901] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് എന്നിവിടങ്ങളിലെ വിദഗ്ദ്ധ ഡോക്ടർമാർക്ക് ദീർഘനാൾ അവധി അനുവദിക്കുന്നതിൽ നിയന്ത്രണമേർപ്പെടുത്തുന്നതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) നിലവിൽ ഈ വിഭാഗം ഡോക്ടർമാരുടെ അഭാവത്തിൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് അവധിയിൽ പോയിരിക്കുന്ന ഡോക്ടർമാരെ അവധി റദ്ദ് ചെയ്ത് തിരികെ വിളിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 22-7-2003-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (ആർ ടി.) 2190/03/ആകുവ പ്രകാരം സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഡോക്ടർമാർ, - നഴ്സുമാർ, പാരാ മെഡിക്കൽ സ്റ്റാഫ് എന്നിവർക്ക് ദീർഘനാൾ അവധി അനുവദിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലേയും മറ്റു സർക്കാർ ആശുപത്രികളിലേയും ചില മേഖലകളെ ദുർലഭ വിഭാഗങ്ങളായി പ്രഖ്യാപിക്കുകയും ഈ വിഭാഗങ്ങളിൽ സേവനമനുഷ്ഠിച്ചുവരുന്ന ഡോക്ടർമാർ, നഴ്സുമാർ, മറ്റ് പാരാ മെഡിക്കൽ ജീവനക്കാർ എന്നിവർക്ക് ദീർഘനാൾ അവധി നൽകേണ്ടതില്ല എന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ദുർലഭ വിഭാഗങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള മേഖലകളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

ഇതുകൂടാതെ ആരോഗ്യ പരിപാലന-ആരോഗ്യ വിദ്യാഭ്യാസ മേഖലയിലെ ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവർക്ക് ദീർഘ കാല അവധി നൽകുന്ന കാലയളവ് 20 വർഷത്തിൽ നിന്ന് 10 വർഷമായി കുറയ്ക്കുകയും അവർക്ക് ദീർഘകാല അവധിക്ക് അപേക്ഷിക്കാൻ 3 വർഷത്തെ സർക്കാർ സേവനം നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

സ്വകാര്യ പാരാമെഡിക്കൽ സമ്പ്രദായം അവസാനിപ്പിച്ച് ഗവൺമെന്റ് നേരിട്ട് നടത്തുന്നതിന് നടപടി

54 [5909] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ ലാബ് നടത്തുന്നതിന് സ്വകാര്യ വ്യക്തികൾക്ക് അനുവാദം കൊടുത്തിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.